**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തത്തെ ധീരമായി നേരിട്ട സർക്കാർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ദുരന്തം നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ചരിത്രത്തിലെ ഏറ്റവും തീവ്രമായ ഉരുൾപൊട്ടൽ ആണ് 2024 ആഗസ്റ്റ് മാസം 30ന്ന മേപ്പാടി പഞ്ചായത്തിൽ ഉണ്ടായത്. വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട സർക്കാർ നടത്തിയ ദുരന്ത നിവാരണ പ്രവർത്തങ്ങൾ രാജ്യത്തിന് തന്നെ മാതൃകയായിരുന്നു. ആദ്യ ഉരുൾപൊട്ടലിൽ തന്നെ പ്രദേശവാസികൾ വിവരം അറിയിക്കുകയും ജില്ലാ കളക്ടർ അടങ്ങുന്ന ടീം പ്രദേശത്തേയ്ക്ക് എത്തി ചേരുകയും കേന്ദ്ര സംസ്ഥാന ഫോഴ്സുകളുടെയും പ്രദേശവാസികളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കുകയും പരുക്കേറ്റ 630 പേരെ ആശുപത്രികളിലേയ്ക്ക് മാറ്റുകയും ചെയ്തു. മറ്റ് ദുരിതബാധിതരെ പാർപ്പിക്കുന്നതിന് വൈത്തിരി താലൂക്കിലെ വിവിധ സ്കൂളുകളിൽ ക്യാമ്പുകൾ ആരംഭിക്കുകയും 1300ൽ പരം ആളുകളെ ദുരന്ത ബാധിത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിക്കുകയും ചെയ്തു.<br><br>ദുരന്തം നടന്ന ദിവസം മുതൽ നാല് മന്ത്രിമാരടങ്ങുന്ന മന്ത്രി സഭ ഉപസമിതി ജില്ലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു മന്ത്രി മുഴുവൻ സമയവും പുനരധിവാസ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചു. വളരെ ചുരുങ്ങിയ സമയം കൊണ്ട് സാധ്യമായ എല്ലാ സംസ്ഥാന സേനകളെയും കേന്ദ്രസേനകളെയും ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചു. കൂടാതെ ലഭ്യമായ സാങ്കേതിക വിഭാഗങ്ങളെയും ദുരന്തമേഖലയിലെ ആവശ്യതക്കനുസരിച്ച് വിന്യസിക്കാൻ സാധിച്ചു. ചൂരൽമലയെയും മുണ്ടക്കൈയെയും ബന്ധിപ്പിക്കുന്ന പാലം തകർന്നതിന്റെ സ്ഥാനത്ത് വളരെ പെട്ടന്ന് തന്നെ |

ആർമിയുടെ സഹായത്തോടെ ബെയ്‌ലി പാലം നിർമിക്കുകയുണ്ടായി.

മരണപ്പെട്ടവരുടെ ശരീരങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച നായ്ക്കൾ, IBOD, Drone എന്നിവ ഉപയോഗപ്പെടുത്തുകയുണ്ടായി കേരളത്തിലെ പരിശീലനം ലഭിച്ച ആപ്ത മിത്ര, സിവിൽ ഡിഫെൻസ്, സന്നദ്ധസേന അംഗങ്ങളേയും രക്ഷാപ്രവർത്തങ്ങൾക്കായി വിന്യസിച്ചു.

ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചവർക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവയും ആരോഗ്യപരിരക്ഷയും മാനസികപിന്തുണയും ഉറപ്പാക്കി. കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായുള്ള സജ്ജീകരണങ്ങൾ ചെയ്യുകയും അവർക്ക് ക്യാമ്പുകളിൽ വിനോദങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി. മരണപ്പെട്ടവരുടെ ശവസംസ്കാരം സർക്കാർ പിന്തുണയോടെ പൂർത്തീകരിച്ചു. ദുരന്തമുഖത്തുനിന്ന് ലഭിച്ച ശരീരഭാഗങ്ങളുടെ DNA പരിശോധനകൾ ത്വരിതഗതിയിൽ പൂർത്തിയാക്കി കണ്ടെത്തിയ ആൾക്കാരുടെ ശരീരഭാഗങ്ങളും ഒരു ശരീരം ആയി കണ്ടുകൊണ്ടുതന്നെ എല്ലാ ആചാരങ്ങളും അനുസരിച്ചു മറവു ചെയ്തു.

ദുരന്ത തീവ്രത കണക്കാക്കി 09/08/2024ലെ സ.ഉ(പി)നം 2/2024/ഡിഎംഡി ഉത്തരവ് പ്രകാരം മേപ്പാടി പഞ്ചായത്തിലെ വാർഡ് 10,11,12 എന്നിവയെ ദുരന്ത ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു. കൂടാതെ, 30/08/2024ലെ സ.ഉ(കൈ)നം9/2024/ഡിഎംഡി ഉത്തരവ് പ്രകാരം വിലങ്ങാട് വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9,10,11 വാർഡുകളും നരിപ്പറ്റ പഞ്ചായത്തിലെ 3-ാം വാർഡും ദുരന്ത ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു.. ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-Iആയി ചേർക്കുന്നു. കേന്ദ്ര സർക്കാർ നിയോഗിച്ച ടീം ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും നാശനഷ്ടങ്ങൾ സംബന്ധിച്ച പഠനങ്ങൾ നടത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിലേക്ക് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുള്ളതാണ്.

ദേശിയ ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സെസ്സ്മെന്റ് പഠനം നടത്തി. ദുരന്ത ബാധിതരായ എല്ലാവർക്കും സർക്കാർ അടിയന്തിര ധനസഹായം ലഭ്യമാക്കി. മരണപ്പെട്ടവരുടെ ആശ്രിതരെ കണ്ടെത്തി അവർക്കുള്ള ധനസഹായവും നൽകിവരുന്നു. ദുരന്ത

| | | | |
|---|---|---|---|
| | | | ബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവഷ്കരിക്കുകയും, ഇതുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ നടന്നു വരികയും ചെയ്യുന്നു. |
| (ബി) | ദുരന്തബാധിതർക്ക് സഹായങ്ങൾ എത്തിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | ദുരന്തബാധിതരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനും അവരുടെ പരാതികൾ നേരിട്ട് കേട്ട് അടിയന്തര നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാകളക്ടേറ്റിൽ ദുരന്തനിവാരണ സെക്ഷനോട് അനുബന്ധിച്ച് 1800-2330-221 എന്ന ടോൾ ഫ്രീ നമ്പറോടു കൂടിയ സ്പെഷ്യൽ സെൽ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ളതും ലഭ്യമായ പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്.<br><br>ദുരിതബാധിതരായ എല്ലാ കുടുംബങ്ങളെയും ബന്ധു വീടുകളിലേയ്ക്കും സ്വമേധയാ കണ്ടെത്തിയ വാടക വീടുകളിലേയ്ക്കും സർക്കാർ കണ്ടെത്തിയ വാടക വീടുകളിലേയ്ക്കും സർക്കാർ ക്വാർട്ടേഴ്സുകളിലേയ്ക്കും വിവിധ പഞ്ചായത്തുകളിലേക്കുമായി മാറ്റി പാർപ്പിച്ചു. 813 കുടുംബങ്ങൾക്ക് സർക്കാർ വാടക തുക അനുവദിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും പുനരധിവസിപ്പിക്കുന്ന ആളുകൾക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റുമടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. 666 കുടുംബങ്ങൾക്ക് ആവശ്യമായ ഫർണിച്ചറുകൾ അനുവദിച്ചിട്ടുണ്ട്.<br><br>ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈ സർക്കാർ എൽ പി സ്കൂളും വെള്ളാർമല,സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളും മേപ്പാടിയിൽ താൽക്കാലികമായി തുറന്നു. ദുരന്ത മേഖലകളിലെ 607 വിദ്യാർത്ഥികളുടെ പഠനം പുനരാരംഭിക്കുകയും സൗജന്യയാത്ര സൗകര്യവും, പഠന സാമഗ്രികളുടെ ലഭ്യതയും ഉറപ്പ് വരുത്തി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹിക മാനസികാരോഗ്യ കൗൺസിലിങ് അടക്കമുള്ള സേവനങ്ങൾ നൽകി.<br><br>സർട്ടിഫിക്കറ്റ് ക്യാമ്പുകൾ നടത്തി ദുരിതബാധിതരായ ആളുകൾക്ക് നഷ്ടപ്പെട്ട 1368 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. രണ്ട് ദിവസങ്ങളിലായി ക്യാമ്പ് നടത്തി പാസ്സ്പോർട്ട് നഷ്ടപ്പെട്ടവരുടെയും പുതുതായി അപേക്ഷിച്ചവരുടേതുമായ 87 അപേക്ഷകളിൽ പാസ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>ഉരുൾപൊട്ടലിൽ നശിച്ച 2 പൊതു വിതരണ കേന്ദ്രങ്ങൾ പിറ്റേ ദിവസം മുതൽ പുന:സ്ഥാപിച്ചു. |

റേഷൻ കാർഡ് നഷ്ടപ്പെട്ട 177 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുകയും സൌജന്യമായി പ്രദേശവാസികൾക്ക് റേഷൻ വിതരണം നടത്തുകയും ചെയ്തു. 500- ഓളം പേർക്ക് സൌജന്യ ഗ്യാസ് കണക്ഷനും സിലിണ്ടർ നഷ്ടപ്പെട്ടവർക്ക് ആയതും അനുവദിച്ചു.

09/08/2024 തീയതിയിലെ സ.ഉ(സാധാ)നം.589/2024/ഡിഎംഡി ഉത്തരവ് പ്രകാരം വയനാട് ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് അനുവദിച്ചു. ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള/ കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് അനുവദിച്ചു. ഇതു കൂടാതെ ക്യാമ്പിൽ താമസിക്കുന്നവരുൾപ്പടെ ഉരുൾപൊട്ടൽ ദുരന്ത ബാധിതരായ എല്ലാ കുടുംബങ്ങൾക്കും 10,000/- രൂപ വീതം അടിയന്തര ധനസഹായം അനുവദിച്ചു ഉത്തരവു പുറപ്പെടുവിച്ചു. 14/08/2024ലെ സ.ഉ(കൈ)നം.7/2024/ഡിഎംഡി ഉത്തരവ് പ്രകാരം ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള ധനസഹായമായ 4,00,000/- രൂപയ്ക്ക് പുറമെ 2 ലക്ഷം രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്ന് അനുവദിക്കുകയുണ്ടായി. ഉരുൾപ്പൊട്ടലിൽ ഗുരുതരമായി പരിക്കേറ്റവർക്ക് നിലവിൽ SDRF ൽ നിന്നും അനുവദനീയമായ തുകയ്ക്ക് പുറമെ 50,000/- രൂപ വീതം CMDRF ൽ നിന്ന് അനുവദിക്കുകയുണ്ടായി. ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ നഷ്ടപ്പെട്ടവർക്ക് നിലവിൽ എസ്.ഡി.ആർ.എഫ്-ൽ നിന്നും അനുവദനീയമായ തുകയ്ക്ക് പുറമേ 40% മുതൽ 60% വരെ മേൽപ്പറഞ്ഞ വൈകല്യം ബാധിച്ചവർക്ക് 50,000/- രൂപ വീതവും, 60%-ൽ അധികം വൈകല്യം ബാധിച്ചവർക്ക് 75,000/-വീതവും CMDRF-ൽ നിന്നും അനുവദിക്കുകയുണ്ടായി. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, 1031 കുടുംബങ്ങൾക്ക് 10,000വീതം അടിയന്തിര ധനസഹായം നൽകി. ശവസംസ്കാരത്തിനായി 173പേർക്ക് 10,000 രൂപ വീതം അനുവദിച്ചു. മരണപ്പെട്ടവരുടെ ആശ്രിതരായ 143 പേർക്ക് 8 ലക്ഷം രൂപ ആശ്വാസധനസഹായം അനുവദിച്ചു. 2093 പേർക്ക് ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കും കിടപ്പിലായവർക്കുമുള്ള

സഹായധനം അനുവദിച്ചു. ഗുരുതര പരിക്കേറ്റ 34 പേർക്ക് ധനസഹായം അനുവദിച്ചു.

13/08/2024ലെ സ.ഉ(സാധാ)നം 597/2024/ ഡിഎംഡി ഉത്തരവ് പ്രകാരം ക്യാമ്പുകളിൽ കഴിയുന്നവർക്ക് വാടകവീടുകളിലേക്ക് മാറുന്നതിനും ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും വാടക ഇനത്തിൽ ഒരു കുടുംബത്തിന് പ്രതിമാസം 6000/- രൂപവരെ അനുവദിക്കുന്നതിന് അനുമതി നല്കി. ഭാഗികമായി സ്പോൺസർഷിപ്പ് മുഖേന താമസ സൗകര്യം ഒരുക്കുന്ന കെട്ടിടങ്ങളിലേക്ക് മാറുന്നവർക്കും പരമാവധി 6000 രൂപ വരെ പ്രതിമാസ വാടക അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചു. ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് അനുവദിക്കുന്നത്. മേൽ പരാമർശിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-II ആയി ചേർക്കുന്നു.

ദുരന്തബാധിതരുടെ ലോണുകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തി. ലോണുകൾ എഴുതിത്തള്ളുന്നതിന് ബാങ്കുകളോട് അഭ്യർത്ഥിച്ചു.

ദുരന്ത ബാധിതർക്കായുള്ള വീടുകൾ നിർമ്മിക്കുക, അവരുടെ ഉപജീവനം ഉറപ്പാക്കുക, അവശ്യ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിപുലമായ ടൗൺഷിപ്പ് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് 04/10/2024ലെ സ.ഉ(കൈ)നം.11/2024/ഡിഎംഡി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം, മേപ്പാടി ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകി. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase I) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനും അനുമതി നല്കി. ഗുണഭോക്താക്കളുടെ കരട് പട്ടിക തയ്യാറാക്കാൻ വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| | പ്രസ്തുത ഉത്തരവ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2024 ആഗസ്റ്റ് 16<br>16th August 2024<br>1199 കർക്കടകം 32<br>32nd Karkadakam 1199<br>1946 ശ്രാവണം 25<br>25th Sravana 1946 | നമ്പർ<br>No. | 2659 |


GOVERNMENT OF KERALA

**Abstract**

DISASTER MANAGEMENT DEPARTMENT—LANDSLIDE OCCURRED IN WAYANAD DISTRICT ON 30-7-2024—NOTIFICATION OF DISASTER- AFFECTED AREAS—REVISED—ORDERS ISSUED.

DISASTER MANAGEMENT (A) DEPARTMENT

**G. O. (P) No. 2/2024/DMD.** **Dated, Thiruvananthapuram, 9th August, 2024.**

*Read:*—G.O. (P) No. 1/2024/DMD dated 2-8-2024.

**ORDER**

Meppadi Grama Panchayat of Wayanad District was impacted by a devastating landslide on 30-7-2024. Meppadi Grama Panchayat, along with Kottappadi, Vellarimala and Thrikaipetta Villages, was entirely notified as disaster-affected vide reference cited to facilitate search and rescue operations.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

After receiving inputs from the field regarding the damages sustained in the landslide and its impact areas and examining the satellite images made available by National Remote Sensing Centre, it is seen essential that the area to be notified as disaster-affected needs to be confined to Ward Numbers 10, 11 and 12 of Meppadi Grama Panchayat which falls in Vellarimala Village of Vythiri Taluk of Wayanad District.

In the circumstances, in supersession of the order read above, Government hereby declare that the disaster-affected areas are confined to Ward Numbers 10, 11 and 12 of Meppadi Grama Panchayat which falls in Vellarimala Village of Vythiri Taluk of Wayanad District. A formal Gazette notification will be issued subsequently.

By order of the Governor,

TINKU BISWAL,
*Principal Secretary.*

All Additional Chief Secretaries/Principal Secretaries/Secretaries.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Commissioner, Land Revenue, Thiruvananthapuram.
District Collector, Wayanad.
The Member Secretary, KSDMA, Observatory Hills.
The Head Scientist, SEOC.
The Director, Agriculture, Vikas Bhavan, Thiruvananthapuram.
The Director, Animal Husbandry Department, Thiruvananthapuram.
The Chief Engineer, Ground Water Department.
The Chief Engineer, Irrigation Department, Thiruvananthapuram.
The Director, Health Services, Thiruvananthapuram.
The Principal Director, LSGD.
The Managing Director, KWA, Thiruvananthapuram.
The Chairman, KSEB.
All District Treasury Officers (through Treasury Director, Thiruvananthapuram).
Web and New Media, I&PRD.
Stock File/Office Copy.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

Digitally signed by VEERA
Date 2024.08.16 09:09:26

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കോഴിക്കോട് ജില്ല- 30/07/24-ൽ വിലങ്ങാട് ഉരുൾപ്പൊട്ടൽ ഉണ്ടായ വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളും നരിപ്പറ്റ പഞ്ചായത്തിലെ വാർഡ് 3 ഉം ദുരന്ത ബാധിതമായി പ്രഖ്യാപിച്ചുകൊണ്ടും ദുരന്തബാധിതർക്ക് ധനസഹായം അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2024/DMD തീയതി,തിരുവനന്തപുരം, 30-08-2024

പരാമർശം:-

1 കോഴിക്കോട് ജില്ലാളക്ടറുടെ 09/08/2024 ലെ ഡിസികെകെഡി/9387/2024-എഫ്4 നമ്പർ കത്ത്.

2 സഉ (കൈ) നം. 06/2023/ഡിഎംഡി തീയതി 18/06/2023.

3 സഉ (സാധാ) നം. 589/2024/ഡിഎംഡി തീയതി 09/08/2024.

4 സഉ (സാധാ) നം. 597/2024/ഡിഎംഡി തീയതി 13/08/2024.

5. സഉ (കൈ) നം. 7/2024/ഡിഎംഡി തീയതി 14/08/2024.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ വിലങ്ങാട് വില്ലേജിൽ 30/07/24 ന് പുലർച്ചെ 01.15 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ നിരവധി നാശനഷ്ടങ്ങളുണ്ടായതായി കോഴിക്കോട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ദുരന്തം ബാധിത വാർഡുകൾ പ്രഖ്യാപിച്ചുകൊണ്ടും ചുവടെ കാണുന്ന പ്രകാരം ദുരന്തബാധിതർക്ക് ധനസഹായം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു-

1. വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളും നരിപ്പറ്റ പഞ്ചായത്തിലെ വാർഡ് 3 ഉം ദുരന്തബാധിതമായി പ്രഖ്യാപിക്കുന്നു.
2. പരാമർശം 3, 4, 5 ഉത്തരവുകൾ പ്രകാരം വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലിൽ നാശനഷ്ടമുണ്ടായ കുടുംബങ്ങൾക്ക് നൽകിയിരുന്ന താൽക്കാലിക താമസത്തിനുള്ള വാടകയും മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് സിഎംഡിആർഎഫിൽ നിന്നുള്ള അധിക എക്സ്ഗ്രേഷ്യയും ഉൾപ്പെടെയുള്ള എല്ലാ ധനാശ്വാസവും വിലങ്ങാട് ഉരുൾപൊട്ടലിൽ ദുരിതബാധിതരായ കുടുംബങ്ങൾക്കും അനുവദിക്കുന്നു.
3. വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളിലേയും നരിപ്പറ്റ പഞ്ചായത്തിലെ 3-ാം വാർഡിലേയും ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങളിലെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, കോഴിക്കോട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുഭരണ (എസ് സി) വകുപ്പ്.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
ഭക്ഷ്യ പൊതു വിതരണ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
സെക്ഷൻ ഓഫീസർ
Date: 30-08-2024 17:24:04

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ്- വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, ഗുരുതരമായി പരിക്കേറ്റവർക്കും, വൈകല്യം സംഭവിച്ചവർക്കും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(കൈ) നം.7/2024/DMD തീയതി,തിരുവനന്തപുരം, 14-08-2024

പരാമർശം:- 1. സഉ(കൈ) നം. 6/2023/ഡിഎംഡി തീയതി 18/06/2023.

2. സഉ(പി) നം. 2/2024/ഡിഎംഡി തീയതി 09/08/2024.

ഉത്തരവ്

വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിലെ 10,11,12 വാർഡുകളിലെ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, ഗുരുതരമായി പരിക്കേറ്റവർക്കും, വൈകല്യം സംഭവിച്ചവർക്കും ചുവടെ കാണുന്ന പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

(എ) . ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള ധനസഹായമായ 4,00,000/- രൂപയ്ക്ക്(നാല് ലക്ഷം രൂപ മാത്രം) പുറമെ 2 ലക്ഷം രൂപ(രണ്ട് ലക്ഷം രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്ന് അനുവദിക്കുന്നു.

(ബി) . ഉരുൾപ്പൊട്ടലിൽ ഗുരുതരമായി പരിക്കേറ്റവർക്ക് നിലവിൽ SDRF ൽ നിന്നും അനുവദനീയമായ തുകയ്ക്ക് പുറമെ 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) വീതം CMDRF ൽ നിന്ന് അനുവദിക്കുന്നു.

(സി). ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ നഷ്ടപ്പെട്ടവർക്ക് നിലവിൽ എസ്.ഡി.ആർ.എഫ്-ൽ നിന്നും അനുവദനീയമായ തുകയ്ക്ക് പുറമേ 40% മുതൽ 60% വരെ മേൽപ്പറഞ്ഞ വൈകല്യം ബാധിച്ചവർക്ക് 50,000/- രൂപ(അൻപതിനായിരം രൂപ മാത്രം) വീതവും, 60%-ൽ അധികം വൈകല്യം ബാധിച്ചവർക്ക് 75,000/-

രൂപ(എഴുപത്തിഅയ്യായിരം രൂപ മാത്രം) വീതവും CMDRF-ൽ നിന്നും അനുവദിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, വയനാട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
റവന്യൂ(ഡിആർഎഫ്) വകുപ്പ്.
പൊതുഭരണ(എസ്.സി) വകുപ്പ്.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 14-08-2024 17:41:26
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട്- മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.589/2024/DMD തീയതി,തിരുവനന്തപുരം, 09-08-2024

---

പരാമർശം:- സഉ(പി) നം.2/2024/ഡിഎംഡി തീയതി 09/08/2024

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിലെ ദുരന്ത ബാധിതർക്ക് ചുവടെ കാണുന്ന പ്രകാരം അടിയന്തിര ധനസഹായം അനുവദിക്കുവാൻ വയനാട് ജില്ലാകളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

**I. ദുരന്തബാധിതർക്കുള്ള ആശ്വാസ ധനസഹായം**

- ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. ഈ തുക SDRF ൽ നിന്നും നിബന്ധനകൾ പാലിച്ച് അനുവദിക്കേണ്ടതാണ്.
- ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള /കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ തുക CMDRF ൽ നിന്നും വഹിക്കേണ്ടതാണ്.

**II. <u>ക്യാമ്പിൽ താമസിക്കുന്നവർക്കുള്ള അടിയന്തര സഹായം</u>**

- ക്യാമ്പിൽ താമസിക്കുന്നവരുൾപ്പടെ ഉരുൾപൊട്ടൽ ദുരന്ത ബാധിതരായ എല്ലാ കുടുംബൾക്കും 10,000/- രൂപ വീതം അടിയന്തര ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്നതിൽ SDRF ന്റെ മാനദണ്ഡ പ്രകാരമുള്ള 5000/- രൂപയ്ക്ക് പുറമെയുള്ള തുക CMDRF ൽനിന്ന് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ,വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

റവന്യൂ(ഡിആർഎഫ്) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

സെക്ഷൻ ഓഫീസർ

Sivaprasad V N

Date: 09-08-2024 18:06:43

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് വാടക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.597/2024/DMD തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:- 1. സഉ(പി)നം. 2/2024/ഡിഎംഡി തീയതി 9/08/2024.

2. വയനാട് ജില്ലാകളക്ടറുടെ 11.8.2024- ലെ DCWYD/4708/2024-DM3 നം. കത്ത്.

**<u>ഉത്തരവ്</u>**

വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന പ്രകാരം വാടക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

1. ക്യാമ്പുകളിൽ കഴിയുന്നവർക്ക് വാടകവീടുകളിലേക്ക് മാറുന്നതിനായി ഒരു കുടുംബത്തിന് പ്രതിമാസം 6000/- രൂപവരെ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.
2. ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും വാടക ഇനത്തിൽ പ്രതിമാസം 6000/- രൂപ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.
3. സൗജന്യ താമസമൊരുക്കുകയാണ് സർക്കാർ ലക്ഷ്യമെന്നതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ സ്വകാര്യ വ്യക്തികൾ സൗജന്യമായി വിട്ടു നൽകുന്ന ഇടങ്ങളിലേക്കോ മാറുന്ന കുടുംബങ്ങൾക്ക് പ്രതിമാസ വാടക വീണ്ടും അനുവദിക്കേണ്ടതില്ല.
4. മുഴുവനായി സ്പോൺസർഷിപ്പ് മുഖേന താമസ സൗകര്യം ഒരുക്കുന്ന കെട്ടിടങ്ങളിലേക്ക് മാറുന്നവർക്ക് പ്രതിമാസ വാടക അനുവദിക്കേണ്ടതില്ല. എന്നാൽ ഭാഗീകമായി സ്പോൺസർഷിപ്പ് നല്കുന്ന കേസുകളിൽ ശേഷിക്കുന്ന തുക പരമാവധി 6000 രൂപ വരെ പ്രതിമാസ വാടക അനുവദിക്കുന്നതിന് അനുമതി നല്കുന്നു

വാടക ഇനത്തിൽ അനുവദിക്കേണ്ട തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ,ദുരന്ത നിവാരണം.
ജില്ലാകളക്ടർ,വയനാട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
Date: 13-08-2024 14:43:17
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ)വകുപ്പ്**

സ.ഉ.(കൈ) നം.11/2024/DMD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:- 1. സഉ(പി)നം.2/2024/ഡിഎംഡി തീയതി 09.08.2024

2. സഉ(സാധ) 590/2024/ഡിഎംഡി തീയതി 09.08.2024

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് ചുവടെ കാണുന്ന പ്രകാരം ഉത്തരവാകുന്നു.

എ). മേപ്പാടി ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻതത്വത്തിൽ അംഗീകാരം നല്കുന്നു.

ബി). ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ, കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും അഡ്വക്കേറ്റ് ജനറലിന്റെ വിദഗ്ധോപദേശമനുസരിച്ച് ദുരന്ത നിവാരണ നിയമം 2005 പ്രകാരം posession ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകുന്നു.

സി). പരാമർശം(2) ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള വാസയോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ (Go and No Go Zones) അംഗീകരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിന് ആവശ്യമായി വരുന്ന ആകെ സ്ഥലം നിശ്ചയിക്കേണ്ടതാണ്.

ഡി). ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase I) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനും അനുമതി നല്കുന്നു.

ഇ) പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന

ഗുണഭോക്താക്കളുടെ കരട് പട്ടിക വയനാട് ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

റവന്യൂ വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ